## പതിമുന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം: 135

21.03.2012 - ...
മറുപടി നല്കേണ്ടിയിരുന്ന...

## കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിൽ വരുത്തിയ മാറ്റങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ: ടി. എം. തോമസ് ഐസക്<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീമതി. കെ.എസ്. സലീഖ<br>പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. കെ.സി. ജോസഫ്<br>(ബഹു: ഗ്രാമവികസനവും ആസൂത്രണവു...<br>നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി...) |
| (എ) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിൽ കേന്ദ്ര ഗവൺമെൻറ് സംസ്ഥാനത്തിന് കൂടുതൽ സ്വാതന്ത്ര്യം നൽകിയിട്ടുണ്ടോ; ഏതെല്ലാം കാര്യങ്ങളിൽ എന്തെല്ലാം നിലയിലുള്ള സ്വാതന്ത്ര്യങ്ങളാണ് ഇപ്പോൾ നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (എ) സംസ്ഥാനത്തിന്റെ താത്പര്യങ്ങൾക്ക് അനുസരിച്ച് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്ന വിഷയം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി റോഡ് വികസന പദ്ധതി, ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം തുടങ്ങിയവയുടെ ഏതെല്ലാം മാനദണ്ഡങ്ങളിലാണ് സംസ്ഥാനത്തിൻെറ പ്രത്യേകതകൾ പരിഗണിച്ചു കൊണ്ടുള്ള മാറ്റങ്ങൾ വരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; ഇത് എന്നു മുതൽ പ്രാബല്യത്തിൽ വന്നു എന്ന് വ്യക്തമാക്കുമോ; | (ബി) ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം പദ്ധതിയുടെ മാനദണ്ഡങ്ങളിൽ സംസ്ഥാന ഗവൺമെൻറ് മാറ്റങ്ങൾ നിർദ്ദേശിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വേതനം, ജോലി സമയം എന്നിവയെ സംബന്ധിച്ച് മാറ്റങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന റോഡുകളുടെ വീതിയിൽ ഇളവ് വരുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ നിയോഗിച്ച വിദഗ്ദ സമിതിയുടെ ശുപാർശ പ്രകാരം സമതല പ്രദേശങ്ങളിൽ ത്രൂ റോഡുകൾക്ക് ഏറ്റവും കുറഞ്ഞ വീതി 7.5 മീറ്ററും, ലിങ്ക് റോഡുകൾക്ക് 6 മീറ്ററുമായി നിർദ്ദേശിച്ചിട്ടുണ്ട്. മലമ്പ്രദേശങ്ങളിൽ എല്ലാ റോഡുകൾക്കും ഏറ്റവും കുറഞ്ഞ വീതി 6 മീറ്റർ മതിയാകുന്നതാണ്. ഇത് 1.01.2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അനുശാസിക്കുന്ന |

വിധത്തിൽ കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമാണ് പദ്ധതി നടപ്പിലാക്കുന്നത്. പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം അഞ്ഞൂറോ അതിലധികമോ ജനസംഖ്യയുള്ള ആവാസ കേന്ദ്രങ്ങളെ പ്രധാനറോഡുമായി, റോഡുമുഖാന്തിരം ബന്ധിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത് എന്നാൽ ഇപ്പോൾ ആവാസ കേന്ദ്രങ്ങൾകൊപ്പം 'കര' കൂടി ഉൾപ്പെടുത്തുന്നതിന് കേന്ദ്ര ഗ്രാമവികസന വകുപ്പ് മന്ത്രി സമ്മതിച്ചിട്ടുണ്ട്.

(സി) ഇതുവഴി ലഭ്യമാകുന്ന പണം പൂർണ്ണമായും സംസ്ഥാനത്തിൻെറ താല്പര്യങ്ങൾക്കനുസൃതമായി ചെലവഴിക്കാൻ കഴിയാവുന്ന അവസ്ഥയിലാണോ എന്ന് വ്യക്തമാക്കുമോ?

(സി) കേന്ദ്ര ഗവൺമെൻറ് വാഗ്ദാനം നൽകിയിട്ടുള്ളതും സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ളതുമായ നിർദ്ദേശങ്ങൾക്ക് അനുകൂലമായി കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിക്കുകയാണെങ്കിൽ ഇതുവഴി ലഭ്യമാകുന്ന പണം പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കും

സെക്ഷൻ ഓഫീസർ